LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള കണ്ടൽവനങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ള കണ്ടൽവനങ്ങൾ വന നിയമപ്രകാരം സംരക്ഷിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടികളും നടന്നുവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ "Conservation of Management of Mangroves" പ്രകാരം കണ്ടൽതൈകൾ ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ഗാർഹികാവശ്യത്തിനുള്ള ഇന്ധന ആവശ്യങ്ങൾക്ക് കണ്ടൽ നശിപ്പിക്കപ്പെടാതിരിക്കാൻ മറ്റ് അനുബന്ധ തൈകൾ നട്ടുപിടിപ്പിക്കുകയും ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുക, എൽ.പി.ജി. ഗ്യാസ് വിതരണം തുടങ്ങിയ പ്രവൃത്തികളും നടത്തിവരുന്നു.

(സി) ക്ഷയോന്മുഖമായ കണ്ടൽ വനങ്ങളെ പരിസ്ഥിതി പുനഃസ്ഥാപനത്തിലൂടെ വീണ്ടെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ "Conservation of Management of Mangroves" എന്ന പദ്ധതി പ്രകാരം കണ്ടൽതൈകൾ ഉൽപാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. ക്ഷയോന്മുഖമായ കണ്ടൽ വനങ്ങളെ പരിസ്ഥിതി പുന:സ്ഥാപനത്തിലൂടെ വീണ്ടെടുക്കാൻ ഒരു പരിധിവരെ ടി പദ്ധതി പ്രകാരം സാധിക്കുന്നതാണ്.

സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ

140(886) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിനു കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇത് നടപ്പാക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്ന ഏജൻസി ഏതാണെന്ന് വെളിപ്പെടുത്തുമോ?

14-11-2019-ലെ ജി.ഒ. (ആർ.റ്റി.) 483/2019/പി&ഇ.എ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള വനംവകുപ്പിനെയാണ് മേൽ പദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ?

കണ്ടൽക്കാടുകൾ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാൻഡ്) ആക്ട് 2003, സെക്ഷൻ 4 (1) പ്രകാരം അർഹമായ നഷ്ടപരിഹാരത്തുക പകരം നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജുമെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാൻഡ്സ്) ആക്ട് 2003, സെക്ഷൻ 15 പ്രകാരം നിയമിക്കപ്പെട്ട ഉപദേശക സമിതിയുടെ സ്ഥലപരിശോധനയും ശിപാർശയും വിധേയമായിട്ടാണ് സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നത്.

കണ്ടൽക്കാട് സംരക്ഷണം

141(887) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ ഭൂമികളിലെ കണ്ടൽ വനങ്ങൾ സംരക്ഷിക്കാൻ വനംവകുപ്പ് മുൻകയ്യെടുക്കുമോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ജൈവവൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്കു കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വനംവകുപ്പ് നടപ്പാക്കി വരുന്നുണ്ട്.

(ബി) ഇത്തരത്തിലുള്ള പുഴയോര കണ്ടൽവനങ്ങൾ ധാരാളമുള്ളതും സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ളതുമായ ഭൂമികൾ വനംവകുപ്പ് നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സംരക്ഷിത കണ്ടൽ വനമേഖലയായി സംരക്ഷിച്ച് വരുന്നുണ്ടോ; നഷ്ടപരിഹാരത്തുക അനുവദിക്കുമോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly